പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ. 2287

19-07-2016 ൽ മറുപടിക്ക്

## അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് അവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ;<br><br>ബി) ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) ഇവ നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ? | (എ) യും (ബി) യും (സി) യും | 49 അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2016-17 ൽ 20 അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ കൂടി തുടങ്ങുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br>അഗ്രോ സർവ്വീസ് സെന്ററുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. കർഷകർക്ക് ആവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കുക.<br>2. സംസ്ഥാനത്തെ കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക രംഗത്ത് യന്ത്രവൽക്കരണം നടപ്പിലാക്കുക.<br>3. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട നടീൽ വസ്തുക്കൾ, വളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവ ലഭ്യമാക്കുക.<br>4. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രെയർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുക. അവയുടെ റിപ്പയർ ജോലികൾ ചെയ്തു കൊടുക്കുക.<br>5. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേനയുള്ള സഹായങ്ങൾ കൃഷിക്കാരിലേയ്ക്ക് ലഭ്യമാക്കുന്നതിന് സഹായിക്കുക.<br>6. കൃഷി അനുബന്ധ മേഖലകളിൽ യുവാക്കൾക്കുള്ള താല്പര്യവും പ്രാഗൽഭ്യവും ഉറപ്പുവരുത്തി കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കർഷകരിലേക്ക് എത്തിക്കുക.<br><br>ഓരോ അഗ്രോ സർവ്വീസ് സെന്ററുകളുടെയും സുഗമമായ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി തീരുമാനിക്കുന്ന യന്ത്രോപകരണങ്ങളാണ് വാങ്ങുന്നത്. ഇടുക്കി പോലുള്ള ഹൈറേഞ്ച് മേഖലയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾക്ക് അവിടുത്തെ ഭൂപ്രകൃതിക്കും കാർഷിക രീതിക്കും അനുയോജ്യമായ യന്ത്രസാമഗ്രികൾ കമ്മിറ്റി യുടെ തീരുമാന പ്രകാരം വാങ്ങാവുന്നതാണ്. |

| | | |
|---|---|---|
| | | അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ വഴി വിവിധ കൃഷി പണികളിൽ യന്ത്രങ്ങളുടേയും പരിശീലനം ലഭിച്ച തൊഴിലാളികളുടെയും സേവനം ലഭ്യമാണ്. യന്ത്രങ്ങൾ ന്യായമായ വാടകയ്ക്ക് നൽകുന്നു. അവയുടെ അറ്റകുറ്റപണികൾ ചെയ്തു കൊടുക്കുന്നു. പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനവും വിവിധ കാർഷിക വൃത്തികൾക്ക് ന്യായമായ കൂലിയിൽ ലഭ്യമാക്കുന്നു. കൂടാതെ കാർഷിക വൃത്തിക്ക് ആവശ്യമായ നടീൽ വസ്തുക്കൾ, ജൈവ വളങ്ങൾ, ജീവാണു കീടനാശിനികൾ എന്നിവയും അഗ്രോ സർവ്വീസ് സെന്ററുകൾ വഴി കർഷകർക്കു ലഭ്യമാക്കുന്നുണ്ട്. സൗകര്യങ്ങൾ ലഭ്യമായ കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിച്ചിട്ടുണ്ട്. കൂത്തുപറമ്പ്, കോതമംഗലം, പഴയന്നൂർ എന്നിവിടങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ച കേന്ദ്രങ്ങൾക്ക് ബയോഫാർമസി, മൂന്ന് ചക്ര വാഹനങ്ങൾ, നഴ്സറി, എന്നിവ സ്ഥാപിക്കുന്നതിനും സഹായം നൽകിവരുന്നു. പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേഡ് ചെയ്തതിനുശേഷമാണ് അധിക സഹായം നൽകിയിട്ടുള്ളത്. കൂടാതെ സൗകര്യങ്ങൾ ലഭ്യമായ ഇടങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കുന്നതിന് 9.5 ലക്ഷം രൂപ ഒരു ലാബിന് എന്ന കണക്കിൽ വരുന്നു. |

സെക്ഷൻ ഓഫീസർ